(സി) സർക്കാർ ഉത്തരവ് (ആർ.ടി.) നമ്പർ 4642/04/പൊ. വി. തീയതി 27-10-2004 പ്രകാരം നിബന്ധനകൾക്ക് വിധേയമായി അംഗീകാരമില്ലാത്ത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് (നിശ്ചിത വയസ്സുള്ളവർക്കും എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകുന്നവർക്കും 7, 8, 9 എന്നീ ക്ലാസ്സുകളിൽ പ്രവേശനം നേടുന്നതിന് അനുവാദമുണ്ട്. അതിൻപ്രകാരം എലിജിബിലിറ്റി ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ നിശ്ചിത വയസ്സുണ്ടെങ്കിൽ 9-ാം ക്ലാസ്സ് വരെ ടി. സി. ഇല്ലാതെ പ്രവേശനം നൽകുന്നതിന് ഡയറക്ടേറ്റിൽ നിന്നും സ്ക്കൂളുകൾക്ക് അനുവാദം നൽകിയിരുന്നു.

മലയാളം ഹൈസ്ക്കൂൾ അസിസ്റ്റന്റിന്റെ തസ്തികകൾ

27 [1128] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ മലയാളം അസിസ്റ്റന്റിന്റെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) മലയാളം എച്ച്.എസ്.എ. തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ ഇപ്പോൾ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും അറിയിക്കാമോ ;

(സി) ജില്ലാന്തര സ്ഥലം മാറ്റം വഴി എത്ര മലയാളം എച്ച്.എസ്.എ.-മാരെ കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ തിരുവനന്തപുരം ജില്ലയിൽ മാറ്റി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രൊമോഷൻ വഴിയും തസ്തിക മാറ്റം വഴിയും കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ എത്ര മലയാളം എച്ച്.എസ്.എ.-മാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 361 തസ്തികകൾ.

(ബി) ജില്ലയിൽ ഇപ്പോൾ 12 ഒഴിവുകൾ ഉണ്ട്. ഇവ അന്തർജില്ലാ സ്ഥലം മാറ്റം—2, പ്രമോഷൻ ക്വാട്ട—3, തസ്തിക മാറ്റം വഴിയുള്ള നിയമനം—7 എന്നിവയ്ക്കായി മാറ്റിവയ്ക്കപ്പെട്ടവയാണ്. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ളവയല്ല.

(സി) 29 പേരെ.

(ഡി) 38 പേരെ നിയമിച്ചിട്ടുണ്ട്. പ്രൊമോഷൻ വഴി 29 പേരെയും തസ്തിക മാറ്റംവഴി 9 പേരെയും നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly